LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ്വെയർ

12(*462) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ നിലവിലില്ല. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വിവിധ കമ്പനികളുടെ സോഫ്റ്റ്വെയറുകളാണ് ഉപയോഗിച്ചുവരുന്നത്.

(ബി) സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുത്തിരുന്നോ; വിശദമാക്കാമോ; എങ്കിൽ ഈ കരാർ ടെണ്ടർ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഏകീകൃത സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് കമ്പനികളെയൊന്നും തെരഞ്ഞെടുത്തിട്ടില്ല. ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനായി കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കരുവന്നൂർ സഹകരണ ബാങ്കിൽ സോഫ്റ്റ്വെയറിലെ ന്യൂനതകൾ ഉപയോഗിച്ചാണ് ക്രമക്കേട് നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട അടിസ്ഥാനപരമായ മുൻകരുതലുകളും സുരക്ഷാ മാനദണ്ഡങ്ങളും കരുവന്നൂർ സഹകരണ ബാങ്കിൽ സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 10-8-2020-ലെ സ.ഉ.(സാധാ) 345/2020/സഹ. നമ്പർ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവരുൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കിയിട്ടുമുണ്ട്. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിനായി, 13-1-2021-ലെ സ.ഉ.(സാധാ) 21/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 31-12-2021-നകം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ്വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളത്. സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ സഹകരണ വകുപ്പ് തയ്യാറാക്കുന്ന ഏകീകൃത സോഫ്റ്റ്വെയറിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് RFP തയ്യാറാക്കിയിട്ടുള്ളത്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

13(*463) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജു.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സാധ്യതയനുസരിച്ച് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്നറിയിക്കാമോ?